# കേരള സർവകലാശാല
# തിരുവനന്തപുരം- 34

അസിസ്റ്റന്റ് എഞ്ചിനീയരുടെ കാര്യാലയം
തിരുവനന്തപുരം
07/05/2018

## മരം വില്പന പരസ്യം

കേരള സർവകലാശാല സെനറ്റ് ഹൗസ് കാമ്പസിൽ മെയിൻ ഗേറ്റിനു സമീപത്തായി കടപുഴകി വീണതും മുറിച്ചു കഷണങ്ങളാക്കി ഇട്ടിട്ടുള്ളതുമായ ഒരു വല്ലഭം, അതിനോടടുത്തു അപകടകരമായി നിൽക്കുന്ന ഒരു ആഞ്ഞിലി എന്നിവ ക്വട്ടേഷൻ വ്യവസ്ഥയിൽ / പരസ്യ ലേലത്തിലൂടെ വില്പന നടത്തുന്നതാണ്. പ്രസ്തുത ആവശ്യത്തിലേക്കു ഒരു പരസ്യ ലേലം 2018 മെയ് 14 നു തിങ്കളാഴ്ച രാവിലെ 11 മണിക്ക് പാളയം സെനറ്റ് ഹൗസ് കാമ്പസിലെ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫിസിൽ വച്ച് നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പുമായി പ്രസ്തുത സ്ഥലത്തും സമയത്തും നേരിട്ട് ഹാജരാകേണ്ടതും 1250 /- രൂപ നിരത ദ്രവ്യം കെട്ടി വച്ച് ലേലത്തിൽ പങ്ക് കൊള്ളേണ്ടതുമാണ്.

പ്രസ്തുത സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ 2018 മെയ് 14 തിങ്കളാഴ്ച രാവിലെ 10 മണി വരെ നേരിട്ടോ തപാലിലോ സ്വീകരിക്കുന്നതാണ്.വെള്ളപേപ്പറിൽ എഴുതി തയ്യാറാക്കിയ ക്വട്ടേഷനുകളോടൊപ്പം അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പും എതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ്ക്വർട്ടേഴ്സ് സെക്ഷൻ ,കേരള സർവകലാശാല ,തിരുവനന്തപുരം എന്ന പേരിൽ എടുത്ത 1250/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റും അടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ് . ക്വട്ടേഷനുകള് ലേല നടപടി ക്രമങ്ങൾക്കു ശേഷം ഹാജരായവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ തുകയ്ക്ക് ക്വട്ടേഷൻ / ലേലം കൊള്ളുന്നയാൾക്ക് രജിസ്ട്രാറുടെ അനുമതിക്ക് വിധേയമായി ലേലം സ്ഥിരപ്പെടുത്തി നൽകുന്നതുമാണ്. ലേല തുകയോടൊപ്പം നിയമാനുസൃതമായ നികുതികൾ (5 % വന നികുതി + 18 % GST ) ഈടാക്കുന്നതാണ് .

ലേല സംബന്ധമായ മറ്റു വിവരങ്ങൾ ഓഫിസ് സമയങ്ങളിൽ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫിസിൽ നിന്ന് ലഭ്യമാണ്.യാതൊരു കാരണവും കൂടാതെ ലേലം അവസാനിപ്പിക്കുന്നതിനും എതൊരു ക്വട്ടേഷനുകളും നിരസിക്കുന്നതിനുമുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും .

അസിസ്റ്റന്റ് എഞ്ചിനീയർ

തിരുവനന്തപുരം
07/05/2018

Scanned by CamScanner